LIBRARY ARCHIVES Kerala Legislative Assembly

സി.ടി.സ്കാൻ

13 (T 3444) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 64 സ്ലൈസ് സി. ടി. സ്കാൻ വാങ്ങുന്നതിനുള്ള അനുവാദത്തിനുവേണ്ടി ആശുപത്രി വികസന സമിതി സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു വാങ്ങുന്നതിന് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ആശുപത്രി വികസന സമിതിയുടെ തീരുമാനം പരിഗണിച്ച് സി. ടി. സ്കാൻ വാങ്ങാനുള്ള അനുവാദം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ആശുപത്രി വികസന സമിതിയുടെ സഞ്ചിത ഫണ്ടിൽ ഇപ്പോൾ എത്ര തുകയുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സമീപിച്ചിട്ടുണ്ട്.

(ബി) 4.5 കോടി.

(സി) 25-6-2015-ലെ സ.ഉ.(സാധാ) നം.1934/15/ആകവ പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിൽ 64 സ്ലൈസ് സി.ടി.സ്കാൻ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) 1.5 കോടി രൂപയുണ്ട് (10-6-2015).

ഡി.എം.ഇ.യുടെ നിയമനം

14 (3445) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലെ ഡി.എം.ഇ. ആരാണെന്ന് അറിയിക്കാമോ ;

(ബി) ഡി.പി.സി. കഴിഞ്ഞിട്ടും നാളിതുവരെ ഡി.എം.ഇ.-യെ എന്തുകൊണ്ട് നിയമിച്ചില്ലെന്ന് വ്യക്തമാക്കാമോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഡെന്റൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ ; ഡെന്റൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് ഡന്റൽ ഡയറക്ടർ ; പ്രസ്തുത നിയമനത്തിനുള്ള മാനദണ്ഡമെന്താണെന്നു വ്യക്തമാക്കുമോ ;

(ഡി) ഡി.എം.ഇ. ആകാൻ ജോയിന്റ് ഡയറക്ടർ (ജനറൽ) ഡോ. ജോതീന്ദ്രകുമാർ, ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പീൽ നൽകി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേസിന്റെ നിലവിലെ സ്ഥതി എന്താണ് ; വിശദമാക്കാമോ ;

(ഇ) ഒൻപതോളം പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്ന ആലപ്പുഴ ഡെന്റൽ കോളേജിൽ അഡ്മിഷൻ നടത്താൻ സാധിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ജോയിന്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (മെഡിക്കൽ) ഡോ. കെ. ശ്രീകുമാരി, ഡി.എം.ഇ.-യുടെ ചാർജ് വഹിക്കുന്നു.

(ബി) ഡി.പി.സി. തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് സംബന്ധിച്ച് പരാതി ലഭിച്ചതിനാലാണ് നിയമനം വൈകുന്നത്.

(സി) ഇല്ല.

(ഡി) ഇതുസംബന്ധിച്ച് ഹർജികൾ ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും തീർപ്പാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഇ) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഡെന്റൽ കൗൺസിലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അഡ്മിഷൻ നടത്തുന്നതാണ്.

പി.എച്ച്.സി കളിലെ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ

15 (3446) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര പി.എച്ച്.സി.-കളിലാണ് ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കാത്തത് എന്നും എത്ര പി.എച്ച്.സി.കളിലാണ് ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് എന്നും വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly